സർവശിക്ഷാ അഭിയാൻ പദ്ധതി

19 (*139) ശ്രീ. മഞ്ഞാളംകുഴി അലി :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഇവയിൽ ഈ സംസ്ഥാനത്തിന് ബാധകമായവ ഏവ ;

(ബി) കഴിഞ്ഞ സ്കൂൾ വർഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു ; എത്ര തുക ചെലവഴിച്ചു ; ചെലവിന്റെ വിശദമായ വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളത് ; സംസ്ഥാനത്ത് അവ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല സംസ്ഥാനത്ത് ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) 1. 2003 അദ്ധ്യയന വർഷത്തോടെ എല്ലാ സ്കൂൾ പ്രായമെത്തിയ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.

2. 2007 വർഷത്തോടെ എല്ലാ കുട്ടികൾക്കും അഞ്ചു വർഷം സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കിയതായി ഉറപ്പു വരുത്തുക.

3. 2010-ഓടെ എല്ലാ കുട്ടികളും എലിമെന്ററി വിദ്യാഭ്യാസം (8 വർഷ സ്കൂൾ വിദ്യാഭ്യാസം) പൂർത്തിയാക്കുക.

4. തൃപ്തികരമായതും ഗുണമേന്മയുള്ളതും ജീവിതത്തിനുതകുന്നതുമായ എലിമെന്ററി വിദ്യാഭ്യാസം ലഭ്യമാക്കുക.

5. ഘട്ടം ഘട്ടമായി സാമൂഹികവും ലിംഗപരവുമായ വേർതിരിവ് ഇല്ലാതാക്കുക.

6. സ്വന്തം കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഉറപ്പാക്കുക.

7. 2010 – ഓടെ കൊഴിഞ്ഞ് പോക്ക് പൂർണ്ണമായും ഇല്ലാതാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ബാധകമായവ :

1. 2010-ഓടെ എല്ലാ കുട്ടികൾക്കും എലിമെന്ററി വിദ്യാഭ്യാസം ലഭ്യമാക്കുക. (ആദിവാസി മേഖലയിലും, തീരദേശത്തിലും, തോട്ടം മേഖലകളിലും ഇനിയും സ്കൂളിൽ എത്തിച്ചേരാത്ത കുട്ടികൾക്കും പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കും മുന്തിയ പരിഗണന നല്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.
2. ഗുണമേന്മയുള്ളതും ജീവിതത്തിനുതകുന്നതുമായ വിദ്യാഭ്യാസം നൽകുക.
3. ഘട്ടം ഘട്ടമായി സാമൂഹികവും ലിംഗപരവുമായ വേർതിരിവ് ഇല്ലാതാക്കുക.
4. സ്വന്തം കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി പഠിക്കാനുള്ള അവസരം ഉറപ്പാക്കുക.

(ബി) കഴിഞ്ഞ സ്കൂൾ വർഷം പദ്ധതി പ്രകാരം ലഭിച്ച തുക 5322.03 ലക്ഷം രൂപ. ചെലവഴിച്ച തുക : 3122.33 ലക്ഷം രൂപ

ചെലവിന്റെ വിശദ വിവരങ്ങൾ :

സിവിൽ വർക്ക്സ്	1,071.655
മെയിന്റനൻസ് ആന്റ്	
റിപ്പയർ ഗ്രാന്റ്	165.140
സൗജന്യ പാഠപുസ്തകം	823.934
സ്കൂൾ ഗ്രാന്റ്	280.347
ടീച്ചർ ഗ്രാന്റ്	418.015
ടീച്ചർ ട്രെയിനിംഗ്	211.032
വി. ഇ. സി.	2.577
ആർ ആന്റ് ഇ	2.019
ഇന്നവേറ്റീവ് ആക്ടിവിറ്റി	75.202
ഐ. ഇ. ഡി. സി.	51.177
മാനേജ്മെന്റ് കോസ്റ്റ്	10.369
അദേർഴ്സ്	10.863

(സി) 11,629.69 ലക്ഷം രൂപ. ഇതിൽ 25% സംസ്ഥാന സർക്കാർ വിഹിതമാണ്.

(ഡി) 1. എല്ലാ ജില്ലകളിലും പത്തു വർഷത്തേക്കുള്ള പരിപ്രേക്ഷ്യ പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. വീടു വീടാന്തര സർവ്വേ നടത്തി നിലവിലുള്ള സാമൂഹ്യ വിദ്യാഭ്യാസ സാമ്പത്തിക പശ്ചാത്തലം തിട്ടപ്പെടുത്തുക.

3. ജനകീയ പങ്കാളിത്തം ഉറപ്പുവരത്തക്കവിധം വിവിധ കമ്മിറ്റികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് സ്കൂൾ തലങ്ങളിൽ രൂപീകരിക്കുക.

4. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി പദ്ധതി രൂപപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുക.

5. പദ്ധതി നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ നടത്തുക.

മേൽ സൂചിപ്പിച്ച ക്രമീകരണങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി വൈസ് ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി പ്രസിഡന്റും, പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൈസ് പ്രസിഡന്റും സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മെമ്പർ സെക്രട്ടറിയും മറ്റു നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും അടങ്ങിയ എഡ്യൂക്കേഷൻ ഡവലപ്മെന്റ് സൊസൈറ്റി ആണ് കേരളത്തിൽ എസ്. എസ്. എ. പദ്ധതിയുടെ ചുമതല വഹിക്കുന്നത്.

എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

20 (*140) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) എത്ര ഗവൺമെന്റ് സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഫലമായി സർക്കാരിനുണ്ടാകുന്ന ബാദ്ധ്യതയെത്ര ;

(ഇ) ഓരോ സ്കൂളും അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകുന്നതിന് മുമ്പ് അതിന്റെ ആവശ്യകത സംബന്ധിച്ച് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം അഞ്ചിലെ റൂൾ 2-ലെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly